# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2725      20/03/2015 ൽ മറുപടിക്ക്

### സൗജന്യ യൂണിഫോം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം വിതരണത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; | (എ) നിലവിൽ എസ്.എസ്.എ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുന്നുണ്ട്. എന്നാൽ എയിഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിച്ചിരുന്നില്ല. വിവേചനപരമായ ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കുന്നതിനാണ് സംസ്ഥാനത്തെ എയിഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ 2013-14 ൽ പദ്ധതി ആവിഷ്കരിച്ചത്. |
| (ബി) എങ്കിൽ പ്രസ്തുത മാനദണ്ഡം നിശ്ചയിച്ചത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം നിഷ്കർഷിച്ച മാനദണ്ഡം അനുസരിച്ചാണ് ഈ സംസ്ഥാനത്തും യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. |
| (സി) 2014-15 അദ്ധ്യയന വർഷം എത്ര വിദ്യാർത്ഥികൾക്ക് ഏതൊക്കെ കാലയളവിൽ സൗജന്യ യൂണിഫോം നൽകി എന്ന് വിശദമാക്കാമോ; | (സി) 4/9/2014 ലെ സ.ഉ(കൈ) നം.183/2014/പൊ.വി.വ പ്രകാരം പുതിയതായി എയ്ഡഡ് സ്കൂളുകളിൽ ചേരുന്ന കുട്ടികൾക്ക് മാത്രം |

യൂണിഫോമിന്റെ തുകയായ 400/- രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014-15 അദ്ധ്യയന വർഷം ഏകദേശം 2 ലക്ഷത്തോളം കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | 2015-16 അദ്ധ്യയന വർഷം യൂണിഫോം വിതരണത്തിനുള്ള നടപടികൾ ആരംഭിച്ചുവോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | 2015-16 അദ്ധ്യയന വർഷം ആരംഭത്തിൽ തന്നെ യൂണിഫോം വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ